**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2820** **24-02-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയിൽ പൈപ്പ് മാറ്റിവയ്ക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് നീക്കം ചെയ്യുന്ന മണ്ണ് റോഡരികിൽ കൂട്ടിയിടുന്നത് മൂലം കടുത്ത ഗതാഗത തടസ്സവും പൊടിപടലങ്ങളും ഉണ്ടാകുന്നതായ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതിയിൽ പൈപ്പ് മാറ്റിവക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് നീക്കം ചെയുന്ന മണ്ണ് **MSTC** പോർട്ടൽ മുഖേന ലേലം ചെയ്ത് നൽകുകയും ആയതിന്റെ തുക പൊതുമരാമത്ത് വകുപ്പിൽ അടവാക്കുകയും ചെയ്യുന്നുണ്ട്. തുടർന്ന് വരുന്ന പ്രവൃത്തികളിൽ ഇപ്രകാരം യഥാസമയം ലേലം ചെയുന്ന മണ്ണ് നീക്കം ചെയ്യുന്നതുമാണ്. നിലവിൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് റോഡരികിൽ മണ്ണ് കൂടി കിടക്കുന്നില്ല. കൂടാതെ പൈപ്പ് സ്ഥാപിക്കുന്നതിനായി എടുത്ത കുഴികളിൽ മണ്ണ് ഉപയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് ടാറിങ് പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ രാമങ്കുളം കുടിവെള്ള പദ്ധതി പൂർണ രൂപത്തിൽ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം കുടിവെള്ള പദ്ധതി രണ്ടു ഘട്ടങ്ങളിലായി പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ ഒന്നും തന്നെ പൂർത്തീകരിക്കാനില്ല. ഈ പദ്ധതിയിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുവാനുണ്ടെങ്കിൽ പഞ്ചായത്തിൽ നിന്നും രേഖാമൂലം അറിയിപ്പ് ലഭിക്കുന്ന മുറക്ക് ആയതിനുള്ള നടപടികൾ എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ